LIBRARY ARCHIVES Kerala Legislative Assembly

വരെയോ നിക്ഷേപിക്കാൻ കാരണമാകുന്നവരെയോ അപ്പോൾതന്നെ 250 രൂപ വരെ പിഴ ഈടാക്കാൻ മുനിസിപ്പൽ സെക്രട്ടറിയ്ക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) 2000-മാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-3-2004-ലെ സർക്കാർ ഉത്തരവ് നം. 40/2004/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും ടി പ്രക്രിയ ത്വരിതപ്പെടുന്നതിനുമായി സർക്കാർ ക്ലീൻ കേരള മിഷൻ രൂപീകരിച്ചു. പ്രസ്തുത മിഷൻ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു വരുന്നു.

പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

*24 [24] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുകയാണെങ്കിൽ വാർഡുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വാർഡുകളുടെ എണ്ണം ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യ കണക്കിലെടുത്ത് പത്തിൽ കുറയാതെയും 20-ൽ അധികരിക്കാതെയും പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് നിർണ്ണയിച്ചു വന്നിരുന്നത്. എന്നാൽ സെൻസസ് റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ഓരോ വാർഡിലെയും ജനസംഖ്യ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഓരോ വാർഡിലേയും വോട്ടർമാരുടെ എണ്ണം ക്രമാതീതമായി കൂടാതിരിക്കുന്നതിനു വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 6 (3) വകുപ്പ് കേരള മുനിസിപ്പാലിറ്റി

ആക്ട് 6 (3) വകുപ്പ് എന്നിവ ഭേദഗതി ചെയ്തുകൊണ്ട് ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നവിധത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

	നിലവിലുള്ളത്	*വർദ്ധിക്കുന്നത്*
ഗ്രാമ പഞ്ചായത്ത്	10-20	12-22
ബ്ലോക്ക് പഞ്ചായത്ത്	10-20	12-22
ജില്ലാ പഞ്ചായത്ത്	15-30	16-32
മുനിസിപ്പാലിറ്റി	20-50	22-50
കോർപ്പറേഷൻ	50-100	52-100

വാർഷിക പദ്ധതിയുടെ അടങ്കൽ തുക

*25 [25] ശ്രീ. ടി. പി. രാമകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. പി. സി. ജോർജ്:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട തുകയുടെ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും നീക്കിവച്ചിട്ടുള്ള തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005 വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു; പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച അടങ്കൽ എത്രയായിരുന്നു; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു;

(ഡി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്ര വീതമായിരുന്നു;

(ഇ) ഓരോ വർഷവും പദ്ധതിയുടെ തുകയിൽ എന്തു തുക വീതം വെട്ടിക്കുറച്ചു; ഇത് എത്ര ശതമാനം വീതമാണ്; ഓരോ വാർഷിക പദ്ധതിക്കാലത്തും ചെലവഴിച്ച തുക എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly